①, ②, ⑥,

*ഭരണഭാഷ-മാതൃഭാഷ*

# നാഗലശ്ശേരി ഗ്രാമപഞ്ചായത്ത് കാര്യാലയം

(ഒരു ഐഎസ്ഒ 9001 : 2015 സർട്ടിഫൈഡ് സ്ഥാപനം)

കൂറ്റനാട് (പി.ഒ.), പാലക്കാട് ജില്ല679533

ഫോൺ : 0466 2370080, ഇ-മെയിൽ : ddpnagalasserypkd@gmail.com

................................................................................................................................

നമ്പർ - SC1-1620612-2025

തീയതി - 17/07/2025

## ഉപജില്ലാ സമിതി സ്ഥിരം അദാലത്ത് ഹിയറിംഗ് മുമ്പാകെ നാഗലശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിക്കുന്ന റിപ്പോർട്ട്

1. താലൂക്ക് തല അദാലത്ത് പോർട്ടലിൽ ശ്രീ.ശ്രീജിത്ത് സമർപ്പിച്ച പരാതിയുടെ റിപ്പോർട്ട്

നാഗലശ്ശേരി ഗ്രാമപഞ്ചായത്ത് അസ്സസ്സ്മെന്റ് രേഖകൾ പരിശോധിച്ചതിൽ ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടമായി രേഖപ്പെടുത്തിയിട്ടുള്ളതും മുഹമ്മദ് ഷഫീക്ക് , ഷഹീൻ കെ എച്ച് എന്നിവരുടെ ഉടമസ്ഥതയിലുള്ളതുമായ 11/186 എ കെട്ടിടം 29 വർഷം കാലപ്പഴക്കമുള്ളതാണ്.1997 വർഷത്തെ അസ്സസ്സ്മെന്റ് പ്രകാരം ടി കെട്ടിടത്തിന്റെ നമ്പർ 6/113 എ ആണ്. അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ അധികൃത കെട്ടിടങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതുകൊണ്ടും ലൈസൻസ് നൽകുന്നതിന് ആവശ്യമായ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളതുകൊണ്ടും ആണ് 27/8/2024 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 12 (1) തീരുമാന പ്രകാരം 02/09/2024 മുതൽ 31/03/2029 വരെ കാലാവധിയിൽ സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചത് എന്ന വിവരം അങ്ങയുടെ അറിവിലേയ്ക്കായി റിപ്പോർട്ട് ചെയ്യുന്നു.

2. മുഹമ്മദ് കുട്ടി വേട്ടുപറമ്പിൽ എന്നയാളുടെ കെട്ടിട നമ്പർ ലഭിക്കാത്തത് സംബന്ധിച്ച പരാതി

Scanned with OKEN Scanner

നിലവിൽ മുഹമ്മദ് കുട്ടി വേട്ടുപറമ്പിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 1/594 സി മുതൽ 1/594 ജെ വരെയുള്ള നമ്പർ അനുവദിച്ചിട്ടുള്ളതാണ് .പരാതി പരിഹരിച്ചിട്ടുള്ളതാണ്

3. ബഹു. മുഖ്യമന്ത്രിയുടെ CMO പോർട്ടലിൽ സി കെ നാരായണൻ , ചക്കും കണ്ടത്ത് എന്നവർ സമർപ്പിച്ച പരാതി

പരാതിയിൽ സ്ഥല പരിശോധന നടത്തിയതിൽ കെ വി രാമചന്ദ്രൻ ,കൊടവമ്പറമ്പിൽ , കോതച്ചിറ എന്നവരുടെ പുരയിടത്തിലെ തെങ്ങിന്റെ പട്ടയും തേക്കിന്റെ ശിഖരങ്ങളും പരാതിക്കാരന് ഭീഷണി ഉള്ളതായി ബോദ്ധ്യപ്പെടുകയും മുറിച്ചു മാറ്റുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

NAGALASSERY GRAMA PANCHAYATH OFFICE * P.O. KOOTTANAD *

SECRETARY
Nagalassery Grama Panchayath
P O Koottanad, Pin - 679533
Palakkad Dist

Scanned with OKEN Scanner